# ഞാൻ താങ്കളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്നു...

بسم الله الرحمن الرحيم

ലോകത്തുള്ള മുഴുവൻ മനുഷ്യർക്കുമായി അല്ലാഹു തൃപ്തിപ്പെട്ട ഒരേയൊരു മതമാണ് ഇസ്‌ലാം.

അവസാന പ്രവാചകനായി നിയോഗിക്കപ്പെട്ട മുഹമ്മദ് നബി ﷺ പഠിപ്പിച്ച ഇസ് ലാം ജീവിത മാർഗമായി സ്വീകരിക്കുകയും,മതമായി തൃപ്തിപ്പെടുകയും ചെയ്യുക എന്നത് ശാശ്വതമായ പരലോക മോക്ഷത്തിന് അനിവാര്യമാണ്.

സർവ്വതിന്റേയും സ്രഷ്ടാവും നിയന്താവുമായ, ഏകനായ അല്ലാഹുവിന്നു മാത്രം ആരാധനകൾ അർപ്പിക്കലും (ലാ ഇലാഹ ഇല്ലല്ലാഹ്) മുഹമ്മദ് നബി ﷺ യെ പ്രവാചകനായി ഉൾക്കൊള്ളുകയും വിശ്വസിക്കുകയും അനുസ്സരിക്കുകയും (മുഹമ്മദു റസൂലുല്ലാഹ്) ചെയ്യലുമാണ് ഇസ്‌ലാമിന്റെ അടിസ്ഥാനം.

സൃഷ്ടി പൂജ ഇസ്‌ലാമിന്ന് അന്യമാണ്.

അല്ലാഹുവിന്നു പുറമേ ആരാധിക്കപ്പെടുന്ന, പ്രാർത്ഥിക്കപ്പെടുന്ന വസ്തുക്കൾ നമ്മെ പോലുള്ള അടിമകൾ മാത്രമാണ്

പരലോകത്ത് നമ്മോടൊപ്പം ഒരുമിച്ച് കൂട്ടപ്പെടുന്നവരാണ്,

അതല്ലെങ്കിൽ കേൾക്കുകയോ സഹായിക്കുകയോ ചെയ്യാത്ത നിർജീവ വസ്തുക്കളാണ്. മനുഷ്യരാണവയെ കൊത്തിയുണ്ടാക്കിയത്.

അതുമല്ലെങ്കിൽ സങ്കൽപ്പങ്ങളും ജൽപ്പനങ്ങളുമാണ്, കെട്ടുകഥകളും പുരാണങ്ങളുമാണ്.

സൃഷ്ടികളാണ് സ്രഷ്ടാവല്ല,

പോരായ്മകളുള്ളവരാണ്,

മരിച്ചു പോകുന്നവരും നശിച്ച് തീരുന്നതുമാണ്

എല്ലാറ്റിനും കഴിവുള്ള, എല്ലാ പൂർണതയുടെ ഗുണങ്ങളുമുള്ള, എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധനായ അല്ലാഹുവിന്റെ അടിമത്തം അംഗീകരിക്കുന്നതിലൂടെ മാത്രമേ സൃഷ്ടികളുടെ അടിമത്തത്തിൽ നിന്നും സ്വതന്ത്രരാകാൻ കഴിയൂ.

വ്യത്യസ്തങ്ങളായ രക്ഷിതാക്കളാണോ നല്ലത്, അതല്ല ഏകനും സർവ്വാ- ധികാരിയുമായ അല്ലാഹുവോ ?

എല്ലാ സൽകർമങ്ങളും സ്വഭാവമര്യാദകളും സാമ്പത്തിക, സാമൂഹിക വൈവാഹിക മേഖലകളും എന്നു വേണ്ട മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇസ് ലാം മാർഗ നിർദ്ദേശങ്ങൾ നൽകുന്നു

വൈരുദ്ധ്യങ്ങളും പോരായ്മകളും ഇല്ലാത്ത അദ്ധ്യാപനങ്ങളും, ഒരിക്കൽ പോലും തെറ്റിയിട്ടില്ലാത്ത പ്രവചനകളും പ്രഖ്യാപനങ്ങളും, വിവിധസ്ഥല - കാല സാഹചര്യങ്ങളിലുംപ്രായോഗികതചോദ്യം ചെയ്യപ്പെ - ടാത്ത മതനിയമങ്ങളും, ശുദ്ധ പ്രകൃതിയുടെ താൽപര്യത്തി- നിണങ്ങുന്ന കൽപ്പനാ - വിലക്കുകളും, വിശ്വാസ തത്ത്വങ്ങളും സ്വഭാവമൂല്യ - ങ്ങളുമെല്ലാം ഇസ്ലാം ദൈവികമാണെന്നതിന്ന് മതിയായ തെളിവുകളാണ്.

അതിവിദഗ്ദ്ധമായ മനുഷ്യശരീര ഘടനയും, അത്ഭുതകരമായ പ്രപഞ്ച സൃഷ്ടിപ്പും, അണുകിട തെറ്റാത്ത സൂര്യന്റേയും ചന്ദ്രന്റേയും സഞ്ചാര സംവിധാനവും തുടങ്ങി നാം കാണുന്നതും കാണാത്തതുമായ, ചെറുതും വലുതുമായ സകല വസ്തുക്കളിലുമുള്ള സൃഷ്ടി മാഹാത്മ്യം, എല്ലാറ്റിനും കഴിവുള്ളവനായ ഏകനായ സ്രഷ്ടാവിന്റെ അസ്തിത്വമല്ലാതെ മറ്റെന്താണ് വിളിച്ചറിയിക്കുന്നത്!

ആ സ്രഷ്ടാവായ അല്ലാഹുവിന്ന് വഴിപ്പെടേണ്ടത്, അവന്റെ സംസാരമായ വിശുദ്ധ ഖുർആനിന്റേയും അവൻ നിയോഗിച്ചയച്ച പ്രവാചകൻ മുഹമ്മദ് ﷺ യുടേയും ഉപദേശ-നിർദേശങ്ങളെ അനുധാവനം ചെയ്തു കൊണ്ടു മാത്രമാണ്.

ഇതൊരു ക്ഷണമാണ്.
ഗുണകാംക്ഷയാണ്.
ബാധ്യതാ നിർവഹണമാണ്.
താക്കീതും മുന്നറിയിപ്പുമാണ്!
അതോടൊപ്പം സന്തോഷ വാർത്തയുമാണ്.

തിരിഞ്ഞു കളയുന്ന പക്ഷം വേദനയേറിയ പരലോക ശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പ്.

കല്ലും മനുഷ്യരും വിറകായി കത്തിക്കപ്പെടുന്ന, കരിച്ചു കളയുന്ന, മരണമില്ലാത്ത, അതി ഭീകരമായ നരകശിക്ഷയെ കുറിച്ചുള്ള താക്കീത്.

സത്യം മനസ്സിലാക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന പക്ഷം കണക്കില്ലാത്ത പ്രതിഫലവും, എന്നെന്നും നിലനിൽക്കുന്ന, അനുഭൂതികളുടെ സ്വർഗത്തിൽ കൺകുളിർക്കുന്ന സുഖ സൗകര്യങ്ങളുമുണ്ടെന്ന വിശുദ്ധ ഖുർആനിന്റെ സന്തോഷ വാർത്ത.

അല്ലാഹു താങ്കൾക്ക് നേർവഴി കാണിക്കട്ടെ...

അനസ് നദീരി

For Contact
Click here